"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കൃഷിവകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങളും മറ്റ് സേവനങ്ങളും കർഷകർക്ക് വേഗത്തിലും മുൻഗണനയിലും ലഭ്യമാകുവാൻ സഹായകമാകുന്ന കർഷകസേവനകേന്ദ്രങ്ങൾ - "ആശ്രയ" - രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1103/2024/AGRI തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 09.08.2024-ലെ ADFW/9015/2024-TP2 നമ്പർ കത്ത്.
2. സർക്കാരിന്റെ 4-ാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള "കർഷക സേവനകേന്ദ്രം" എന്ന വിഷയം സംബന്ധിച്ച് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കർഷകർക്ക് വിവിധ ആവശ്യങ്ങൾക്കായി കൃഷിഭവനുകളെ നേരിട്ട് സമീപിക്കാതെ തന്നെ ഡിജിറ്റൽ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി സർക്കാർ സേവനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പ് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സഹായത്തോടെ AIMS പോർട്ടൽ ആരംഭിക്കുകയും, തുടർന്ന് കൃഷിവകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായി KATHIR (Kerala Agriculture Technology Hub and Information Repository) പോർട്ടൽ കർഷകർക്കും ഉദ്യോഗസ്ഥർക്കും ആസൂത്രണവിദഗ്ധർക്കും ഒരുപോലെ സേവനം ലഭ്യമാകാൻ ഉതകുന്ന രീതിയിൽ ആരംഭിച്ചിക്കുകയും ചെയ്തിരുന്നു. KATHIR പോർട്ടലിലൂടെ കൃഷി വകുപ്പിന്റെ എല്ലാ സേവനങ്ങളും കർഷകർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാകും.

2) പ്രസ്തുത സാഹചര്യത്തിൽ, കൃഷിവകുപ്പുമായി ബന്ധപ്പെട്ട ഡിജിറ്റൽ സേവനങ്ങൾ, കർഷകർക്ക് വേഗത്തിലും മുൻഗണനയിലും ലഭ്യമാകുവാൻ സാധിക്കുന്ന കർഷക സേവനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ നാലാം നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ തീരുമാനിക്കുകയും,ഇത് സംബന്ധിച്ച ശുപാർശ പരാമർശം (1) പ്രകാരം കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാർ മുമ്പാകെ സമർപ്പിക്കുകയും ചെയ്തിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കർഷകർക്ക് കൃഷിയിടത്തിൽ ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് കാർഷിക മേഖലയുടെ വിഷയങ്ങളിൽ അറിവുള്ള ഒരു കേന്ദ്രം നിലവിലെ സാഹചര്യത്തിൽ അനിവാര്യമായതിനാൽ

ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി കർഷക സേവനകേന്ദ്രങ്ങൾ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നിലവിൽ കൃഷിഭവൻ പരിധിയിൽ ലഭ്യമായിട്ടുള്ള AIMS രജിസ്ട്രേഷൻ, നെല്ല്/പച്ചത്തേങ്ങ/കൊപ്ര സംഭരണ രജിസ്ട്രേഷൻ, SMAM രജിസ്ട്രേഷൻ തുടങ്ങിയവ കൂടാതെ ഇതര സാങ്കേതിക സേവനങ്ങൾ ഉൾപ്പെടെ കർഷകർക്ക് ഈ കേന്ദ്രം വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

1. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ഡിജിറ്റൽ സേവനങ്ങളും കർഷകർക്ക് ലഭ്യമാക്കുവാൻ ആവശ്യമായ പ്രധാന സേവനകേന്ദ്രമായി പ്രവർത്തിച്ച് കർഷകരുടെ ഒരു 'വൺ സ്റ്റോപ്പ് ഡെസ്റ്റിനേഷൻ' ആയി പ്രവർത്തിക്കുക.
2. കർഷകർക്ക് ആവശ്യമായ എല്ലാ ഡിജിറ്റൽ സേവനങ്ങളും സമയബന്ധിതമായും, കൃത്യതയോടും കാര്യക്ഷമതയോടും നൽകേണ്ടതാണ്.
3. നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങൾ/കൃഷിശ്രീ/അഗ്രോ സർവ്വീസ് സെന്റർ/കാർഷിക കർമ്മസേന തുടങ്ങിയവയുടെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്. 2024-25 വർഷം പൈലറ്റ് അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും കാർഷിക പ്രാധാന്യമുള്ളതും ചെറുകിട നാമമാത്ര കർഷകർ കൂടുതലുള്ളതുമായ ഒരു പ്രദേശം തെരഞ്ഞെടുത്ത് കർഷക സേവന കേന്ദ്രം 2024 നവംബർ മാസം തന്നെ ആരംഭിക്കേണ്ടതും വിജയസാധ്യത വിലയിരുത്തി തുടർ വർഷങ്ങളിൽ കൂടുതൽ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതുമാണ്. ഒരു കൃഷിഭവൻ പരിധിയിൽ ഒന്നിൽകൂടുതൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കാൻ പാടില്ല.
4. കർഷകന് സേവന കേന്ദ്രങ്ങൾ വഴി നൽകുന്ന സേവനങ്ങൾക്ക് അക്ഷയ സെന്ററുകൾക്ക് സമാനമായ ഫീസ് നിരക്ക് ഈടാക്കാവുന്നതും കൃഷിയിടത്തിലെത്തി നടത്തുന്ന സേവനങ്ങൾക്കും പുതിയ സേവനങ്ങൾക്കും നിരക്ക് പ്രാദേശികമായി നിശ്ചയിക്കേണ്ടതുമാണ്.
5. പ്രസ്തുത കേന്ദ്രങ്ങൾക്ക് ആവശ്യമായ ഓപ്പറേഷൻസ് & മെയിൻറനൻസ് അടക്കമുള്ള സാങ്കേതിക സഹായങ്ങൾ ഡയറക്ടറേറ്റ് ഐ.ടി സെൽ വഴി നൽകേണ്ടതാണ്.
6. ഒരു കർഷക സേവന കേന്ദ്രം ആരംഭിക്കുന്നതിനായി 2401-00-109-80 എന്ന ശീർഷകത്തിൽ കൃഷിക്കൂട്ടങ്ങൾക്കുള്ള വെഞ്ച്വർ ക്യാപിറ്റൽ സഹായമായി മാറ്റിവെച്ചിരിക്കുന്ന തുകയിൽ നിന്നും പരമാവധി 50,000/- രൂപ വരെ വിനിയോഗിക്കാവുന്നതാണ്. തുടർന്ന് പ്രവർത്തന മികവ് വിലയിരുത്തി വിപുലീകരണത്തിനാവശ്യമായ ഫണ്ട് കണ്ടെത്താവുന്നതുമാണ്.

4) പ്രസ്തുത കർഷക സേവനകേന്ദ്രങ്ങൾ 'ആശ്രയ' എന്ന് നാമകരണം ചെയ്യുന്നു. കർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണ/പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും വിവിധ തലത്തിലുള്ള മേൽനോട്ട ചുമതലകളും സംബന്ധിച്ച് വിശദമായ ഉത്തരവ് കൃഷി ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.മനോജ് കുമാർ
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് എ.പി.സി & പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്
കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്.

Signed by
Sujanath V M
Date: 25-11-2024 17:35:44